ഉപന്യാസം (HS)

# രോഗരഹിത കേരളം

## ആമുഖം

ഇന്ത്യ എന്ന മഹാരാജ്യം പുരോഗതിയിലേക്ക് കുതിക്കുകയാണല്ലോ. ശാസ്ത്രീയ സാങ്കേതിക മേഖലകളിലും രാഷ്ട്രീയ സാമ്പത്തിക മേഖലകളിലും അതിന്റെ പ്രതിഫലം നമുക്ക് വ്യക്തമാണ്. "നഷ്ടവസന്തങ്ങളിൽ നിന്ന് സമൃദ്ധ വസന്ത തടങ്ങളിലേക്ക് അളവറ്റു പറക്കും പക്ഷിയെപോൽ" എന്നത് ഭാരതത്തെക്കുറിച്ചാണോ എന്ന് തോന്നിപോകും. ഇല്ലായ്മയുടെയും വല്ലായ്മയുടെയും പരിഹാസത്തിന്റെയും പരാജയത്തിന്റെയും ഇടയിൽ നിന്ന് ഒരു ഫീനിക്സ് പക്ഷിയെപോലെ വാനോളം ഉയരുകയാണ് നമ്മുടെ ഈ കൊച്ചുകേരളവും സംസ്കാരവും അതിന്റെ പ്രതിസ്വരങ്ങൾ നമ്മുടെ ജീവിതത്തിൽ വ്യക്തമാണ്.

ഇന്ത്യ എന്ന രാജ്യം പുരോഗതികളുടെ പുരോഗതികൾ കൈവരിച്ച് ലോകരാജ്യങ്ങൾക്ക് മുന്നിൽ അണിനിരക്കുമ്പോൾ കേരളമാകട്ടെ ഇന്ത്യയെമ്പാടും അറിയപ്പെടുന്ന ഒന്നായിത്തീർന്നിരിക്കുന്നു. ഇങ്ങനെ എല്ലാ തരത്തിലും നെഞ്ചുവിരിച്ച് അഭിമാനത്തോടെ നിൽക്കുന്ന ഈ രാജ്യവും, മാതൃനാടും എല്ലാതരത്തിലുള്ള പ്രശ്നങ്ങൾക്കും കോട്ടങ്ങൾക്കും ദുഃഖങ്ങൾക്കും രോഗങ്ങൾക്കുമുള്ള പോർക്കളത്തിൽ അഭിമാനത്തോടെ തലയുയർത്തി നിൽക്കുകയാണോ? ഒരുപക്ഷെ ഉത്തരം 'അതെ' എന്നാകും. എന്താണതിന് കാരണം? എന്താണതിന്റെയർത്ഥം? എന്താണതിനവസാനം? കേരളം രോഗവിമുക്തമാകുമോ? നമുക്ക് നോക്കാം.

## കേരളം- രോഗഹസ്തങ്ങളിൽ

പലവിധങ്ങളായ രോഗങ്ങൾ ഇന്ന് മനുഷ്യജീവിതത്തെ വേട്ടയാടു

കയാണ്. ഇതിന്റെ കാരണങ്ങളാകട്ടെ,
അപക്വമായ മനുഷ്യരുടെ കൈവിട്ട
പ്രവർത്തനങ്ങൾ തന്നെയാണ്.
മനുഷ്യനന്മയ്ക്കായി നിർമ്മിക്കപ്പെട്ട പല
സാമഗ്രികളും ഇന്ന് ദുരുപയോഗം
ചെയ്യപ്പെടുന്നു. അതിന്റെ അനന്തര
ഫലമോ, മഹാരോഗങ്ങളും മാനസി
ക അസ്ഥിരതയും. മയക്കുമരുന്നുകൾ
കണ്ടുപിടിച്ചത് എന്തിനായിരുന്നു? ആരോ
ഗ്യത്തിനുവേണ്ടി.. ഔഷധമായി.. എന്നാൽ
ഇന്നത്തെ സമൂഹത്തിൽ അവ ഒരു
ലഹരിയായി മാറി മനുഷ്യമനസ്സിനെ
കാർന്നു തിന്നുകയാണ്... ശിക്ഷണാതീതമായി
വിൽക്കുകയാണ്.. അതിതീവ്രമായ
രോഗങ്ങളുടെ മൂലക്കല്ലായിത്തീർന്നിരിക്കു
ന്നു. 'കേരളം' എന്ന സംസ്ഥാനം
ഇന്ന് ലഹരിയരങ്ങുവാഴുന്നു.
രോഗങ്ങളും പേമാരികളും വേട്ടയാടുന്ന
വേദിയായിത്തീർന്നിരിക്കുന്നു. നമ്മുടെ

ഈ മാതൃനാടിന്റെ രൂപീകരണത്ത്
ഉണ്ടായിരുന്ന പ്രാകൃതവും
പ്രകൃതിയുമാണോ ഇപ്പോൾ എന്ന്
നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഒന്ന്
ചിന്തിച്ചാൽ കേരളത്തെ രോഗങ്ങളുടെ
കരങ്ങളിലാക്കിയത് മനുഷ്യന്റെ
സ്വാർത്ഥതയും അധികമായ ചൂഷണവും
തന്നെയാണെന്ന് നമുക്ക് മനസ്സില
ക്കാം. പണത്തിനും പ്രശസ്തിക്കു വേണ്ടി
എത്രമാത്രം ദുരന്തങ്ങളാണ് നാം
ചെയ്തുകൂട്ടിയത്. ഒരൊറ്റ ദിവസത്തെ
പരിസ്ഥിതിസ്നേഹം പ്രഹസനങ്ങളായി
മാറിയപ്പോൾ പ്രത്യാഘാതവും പ്രതികാ
രദുർഗ്ഗയായി മാറി. സ്വാർത്ഥതയും
ദുരന്തവും ഒരു നാണയത്തിന്റെ
ഇരുപുറങ്ങളാണ്. രോഗം എന്ന
ഭീതിമായ നാണയത്തിന്റെ ഇരു
പുറങ്ങൾ. സ്വന്തം സുഖത്തിനുവേണ്ടി
എത്ര ദുഷ്കരവും മലിനവും

മോശവും മനുഷ്യകുലത്തിന് തന്നെ അപമാനകരവുമായ മാനവന്റെ പ്രവർത്തനം ഇന്ന് മാനവവംശത്തിന്റെ അധഃപതനത്തിന് കാരണമായേക്കാവുന്ന, കാരണമായിരുന്ന ഒരു രോഗത്തിന് സാഹചര്യമുളവാക്കി. AIDS (Acquired immuno deficiency syndrome) എന്ന് നിങ്ങൾ കേട്ടിട്ടുണ്ടോ? പറയുമ്പോൾ ദുഃഖവും ദേഷ്യവും സൃഷ്ടിക്കുന്ന മാനവന്റെ ആ കൃത്യത്തിനും എന്തിനായിരുന്നു? സുഖത്തിനുവേണ്ടി. സ്വാർത്ഥതയ്ക്കുവേണ്ടി. ആഫ്രിക്കയിൽ രൂപം കൊണ്ട ആ രോഗം കേരളത്തിൽ വരെ എത്തി നിൽക്കുന്നത് ത്തിന്റെ ഒരു അനുഭവത്തിന് കാരണമാവുകയും ചെയ്തല്ലോ. IPCC പറയുന്നത് കാലാവസ്ഥ വ്യതിയാനങ്ങൾപോലും മനുഷ്യന് മാറാരോഗങ്ങൾ സമ്മാനിച്ചേക്കാമെന്നാണ്.

ഈയിടെ നവമാധ്യമങ്ങളിൽ നിറഞ്ഞ് നിന്ന വാർത്തകളായിരുന്നല്ലോ ഭക്ഷ്യവിഷബാധയുടെ, അനാരോഗ്യകരവും വൃത്തിഹീനവുമായ സാഹചര്യങ്ങളിൽ തയ്യാറാക്കപ്പെട്ട ഭക്ഷ്യവസ്തുക്കൾ മനുഷ്യനിൽ രോഗങ്ങൾ സൃഷ്ടിക്കുന്നു. കാൻസർ, മ്യൂട്ടേഷൻ, സന്ധിരോഗങ്ങൾ അങ്ങനെ ഒട്ടേറെ രോഗങ്ങൾക്ക് മലിനമായ ഭക്ഷ്യവസ്തുക്കൾ കാരണമാകുന്നു. "സേവനം എന്നത് തന്റെ ഔദാര്യമല്ല, മറിച്ച്, സഹോദരങ്ങളോടുള്ള കടപ്പാടാണ്" എന്ന് നാം തിരിച്ചറിയുമ്പോൾ മാത്രമേ രോഗഹസ്തങ്ങളിൽ നിന്ന് കേരളം രക്ഷപ്പെടുകയൊള്ളൂ, രോഗരഹിതകേരളം സഫലമാകുകയൊള്ളൂ.

രോഗരഹിതകേരളം

എല്ലാ രാഷ്ട്രീയശക്തികൾക്കുമപ്പുറം മനുഷ്യത്വം എന്നൊരു വികാരമുണ്ട്.

ആ ബോധമാണ് ഇന്ന് അന്യം നിന്ന് പോയ്ക്കൊണ്ടിരിക്കുന്നത്. ശാസ്ത്രം അപക്വ മനസ്സുകളുടെ കൈകളിലകപ്പെട്ടാൽ ശാസ്ത്രവികസനം അനർത്ഥകാര്യമാകും. 'ദൈവത്തിന്റെ സ്വന്തം നാട്' എന്നറിയപ്പെടുന്ന കേരളം ദൈവത്തിന്റെ തന്നെയാണോ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. "ഇനി വരുന്നൊരു തലമുറക്ക് ഇവിടെ വാസം സാധ്യമോ, മലിനമായ ജലാശയം, അതിമലിനമായ ഭൂമിയും" എന്ന് ഇഞ്ചിക്കാട് കൃഷ്ണമേനോൻ പാടിവച്ചത് പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചാണെങ്കിലും രോഗങ്ങളുടെ കാരണങ്ങളിലേക്ക്, മൺമറഞ്ഞു പോകാനൊരുങ്ങുന്ന കേരളത്തനിമയിലേക്ക് വെളിച്ചം വീശുന്നുണ്ട്. മലിനമായ ജലത്തിൽ ഇ-കോളി എന്ന സൂക്ഷ്മജീവികളെ

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 643 Participant Code: 110

സാന്നിധ്യമുണ്ട്. ഇവ മനുഷ്യശരീരത്തിൽ
പ്രവേശിച്ചാൽ വയറുവേദന തുടങ്ങി
മലേറിയ, ഹെപ്പറ്റയിറ്റിസ്, ടെറ്റനസ് ഇങ്ങ
നെ ഒട്ടേറെ രോഗങ്ങളുണ്ടാകുന്നു.
മലിനമായ കാലാവസ്ഥ പെരുപനി
മുതൽ ന്യൂമോണിയയിലേക്കുവരെ
നയിക്കുന്നു. ഇങ്ങനെ ഒട്ടേറെ കാരണ
ങ്ങളാൽ 'രോഗരഹിത കേരളം' എന്ന
ആശയത്തിനെതിരാണ് നമ്മുടെ
സമകാലികസ്ഥിതി, എന്തിരുന്നാലും
നമ്മുടെ കൂട്ടായ പ്രവർത്തനംകൊണ്ട്
നമ്മുടെ കേരളത്തിന്റെ നിറവും
മണവും കെടാതെ കാത്തുസൂക്ഷിച്ച്
നമ്മുടെ ഈ അമ്മയോട് സ്നേഹം
പുലർത്തിയാൽ, കേരളത്തെ മാറോട്
ചേർത്തുവച്ചാൽ, അന്ന് മനുഷ്യർ
നേടുന്ന ആ വിജയത്തിൽ നമ്മ
ളെല്ലാവരും തെളിയും, പ്രശോഭിക്കും
'രോഗ-രഹിത-കേരളം'. മാർഗങ്ങൾ?

* എല്ലാ ആഴ്ചയിലും 'ഡ്രൈ-ഡേ' ആചരിക്കുക
* ഹോട്ടലിൽനിന്നുള്ള ഭക്ഷണങ്ങളുടെ കഴിവപ്പും കുറയ്ക്കുക.
* ദൈനംദിന ജീവിതത്തിൽ വ്യായാമം ഒരു ഭാഗമാക്കുക.
* പരിസരം ശുചിയായി സൂക്ഷിക്കുക.
* വ്യക്തിശുചിത്വം പാലിക്കുക
* രോഗകാരികളിൽ നിന്നകലുക.

ഇങ്ങനെ കേട്ടുകേട്ട് മടുത്ത ഒരു മുത്തശ്ശികഥയാണിവയെങ്കിലും എന്നെന്നും രോഗങ്ങളകറ്റാൻ ഇവ ഫലപ്രദമാണ്. ഇവയെല്ലാം പാലിക്കുന്നതിലൂടെ നമുക്ക് നമ്മുടെ സ്വപ്നസാക്ഷാത്ക്കാരം നടത്താം.

'രോഗ'രഹിതം - മറ്റൊരു രീതിയിൽ

"മനുഷ്യന്റെ ആവശ്യത്തിനുള്ളതെല്ലാമിവിടെയുണ്ട്, എന്നാലവന്റെ സ്വാർത്ഥതയ്ക്കുള്ളതില്ല" - നമ്മുടെ രാഷ്ട്രപിതാ

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 643 Participant Code: 110

വ് ഗാന്ധിജിയുടെ വാക്കുകൾ. എത്രെ
ത്രെ ശരിയാണല്ലേ? മനുഷ്യന്റെ
ചൂഷണത്തിന്റെ അനന്തരഫലങ്ങൾ
ഈ വാക്കുകൾ വിരൽചൂണ്ടുന്നു.
അവയാകട്ടെ, അവർണ്ണനീയവും
ഭീദങ്ങൾ പരാജയങ്ങളാകുന്നതു
പോലെ സ്വാർത്ഥത നമ്മെ എങ്ങുമെ
ത്തിക്കുന്നില്ല. അവ ബാക്കിവയ്ക്കുന്നത്
മനുഷ്യകുലത്തിന് ഹാനികരമായവ
മാത്രം. അങ്ങനെയെങ്കിൽ, അതും
ഒരു 'രോഗമല്ലേ'. സ്വാർത്ഥത എന്ന
മാരകരോഗം. ആ രോഗത്തിനല്ലേ,
സുഹൃത്തേ നാം ആദ്യം ചികിത്സ
നൽകേണ്ടത്. നന്മയും, ധാർമികതയും,
മൂല്യങ്ങളും തിരഞ്ഞ മനുഷ്യനെ
പൈശാചികതലത്തിലേക്ക് എത്തിച്ചതിൽ
മാധ്യമങ്ങൾക്കുള്ള പങ്ക് എറെ
ഭയാനകമാണ്. അവയുടെ അമിതോപ
യോഗം നമ്മിൽ മനോവിഷമം,

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മന: വിഭ്രാന്തി, മനോവൈകല്യം ഇങ്ങനെ നിരവധി രോഗങ്ങൾ, അസ്വസ്ഥതകൾ സൃഷ്ടിക്കുന്നതിന് പുറമെ ഇതൊരു ജീവൻ കൊലയായുധമായി മാറുന്നു. അവയുടെ കൃത്യവും സുരക്ഷിതവുമായ ഉപയോഗം വ്യക്തികളെയും സമൂഹത്തെയും രാഷ്ട്രത്തെയും ചിറകടിച്ചുയരാൻ സഹായിക്കുന്നെങ്കിൽ അവയുടെ ദുരുപയോഗം അക്രമണ മനോഭാവം, ഫാഷൻ ഭ്രമം, അനുകരണവാസന, അടിമത്വം, മാറാരോഗങ്ങൾ എന്നിവയ്ക്ക് പറന്നുയരാൻ അവസരം നൽകുന്നു. ഒരു കുഞ്ഞുണരുമ്പോൾ അത് ക്രിസ്ത്യൻ ആണെങ്കിൽ യേശുവിന്റെ കീർത്തനങ്ങളും ഹിന്ദു ആണെങ്കിൽ ശ്രീകൃഷ്ണപദങ്ങളും മുസ്ലിം ആണെങ്കിൽ, അള്ളാഹുവിന്റെ പ്രകീർത്തനങ്ങളുമായിരിക്കും ആദ്യം കേൾക്കുക. എന്നാൽ ഇന്ന്

ഈ ഡിജിറ്റൽ യുഗത്തിൽ ഒരു
കുഞ്ഞുണരുമ്പോൾ തന്നെ ആദ്യം
കേൾക്കുന്നത് "ഹലോ, ഗയ്സ്
വെൽക്കം ബാക്ക് റ്റു മൈ ചാനൽ"
എന്ന പ്രയോഗമാണ്. മനുഷ്യജീവിത
ത്തിൽ മാധ്യമങ്ങൾ ചെലുത്തിയിരിക്കു
ന്ന പങ്ക് എന്താണെന്ന് ഇതിൽ
നിന്ന് വ്യക്തമാകുന്നു. എന്തുകൊണ്ട്
ഇവയെ രോഗരഹിതകേരള ശില്പശാ
ലയിൽ ഉപയോഗിച്ചുകൂടാ? ശരിയും
നന്മയും ധർമവും പ്രചരിപ്പിക്കുന്ന
മാധ്യമങ്ങളുടെ കാവൽക്കാരായി
മാറാൻ നമുക്ക് സാധിക്കണം.

'കൊച്ചുകുട്ടി', 'കൊഴുത്തമനുഷ്യൻ'
എന്നു കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ തീർച്ചയാ
യും നാം ഇതറിഞ്ഞിരിക്കണം.
ചരിത്രത്തിന്റെ ഭീകരമായ സ്വാർത്ഥ
തയുടെ, കയ്യിന്റെ കഥ പറയുന്നവയാ
ണ് ഈ രണ്ടു പേരുകളും. അതെ,

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

അമേരിക്ക ജപ്പാനുനേരെ തൊടുത്തുവിട്ട അഗ്നിവില്ലുകൾ 'Little boy & Fat man' ആ വില്ലിന്റെ ആഘാതത്തിൽ അവിടെ ഇപ്പോഴും ഗുരുതരമായ അവസ്ഥയാണുള്ളത്. ജനിക്കുന്ന കുട്ടികൾ വികലാംഗർ, ജീവിച്ചവരോ മാറാരോഗികൾ. ലോകത്തെ സ്വന്തം കൈപ്പിടിയിൽ ഒതുക്കണം എന്ന അമേരിക്കയുടെ സ്വാർത്ഥ ചിന്തയുടെ ഫലങ്ങൾ; കഠിന രോഗങ്ങൾ അതെ രോഗങ്ങളുണ്ടാകുന്നതിന് പിന്നിലെ എല്ലാ കാരണങ്ങളുടെയും പുറകിൽ ഒരു പക്ഷെ മനുഷ്യന്റെ സ്വാർത്ഥതയാകാം. മനുഷ്യന്റെ സർവ്വനാശത്തിനു പിന്നിൽ എപ്പോഴും മനുഷ്യൻ തന്നെയാണ്. അതിനാൽ മനുഷ്യന്റെ മനസ്സിലെ, അകത്തളത്തെ, സ്വാർത്ഥതയെയും അഹങ്കാരത്തെയും, ധാർഷ്ട്യത്തെയും രോഗങ്ങളെയും ഈ കേരളക്കരെ

യിൽനിന്ന് എന്നെന്നേക്കുമായി മാഞ്ഞു പോൾ മേൽപ്പറഞ്ഞ രോഗരഹിത കേരളം യാഥാർത്ഥ്യമാകുന്നു.

ഉപസംഹാരം

"ആമസോൺ കാടുകൾ കത്തിയമരുമ്പോൾ, നമ്മുടെ ശ്വാസകോശങ്ങൾ തന്നെയാണ് കത്തുന്നത്" - ലിയനാർഡോ ഡികാപ്രിയോ ഏത് സമകാലികപ്രശ്നങ്ങളുടെയും കാരണങ്ങൾ അഗാധമായി പഠിച്ചാൽ ധർമ്മത്തിൽനിന്ന് വ്യതിചലിച്ച മനുഷ്യന്റെ പ്രവൃത്തികളുടെ ഒരംശം എങ്കിലും അതിലുണ്ടാകും. മുമ്പ് പറഞ്ഞതുപോലെ പരിസ്ഥിതിയുടെ മലിനീകരണം രോഗങ്ങളിലേക്കുള്ള തിരിതെളിക്കുന്നു എങ്കിൽ അവ തീർച്ചയായും നാം നിർത്തലാക്കണം. ഇനിയും വൈകിയിട്ടില്ല, വരുവിൻ സഹജരെ, മണ്ണിലലിയേണ്ട നമുക്കേവർക്കും മണ്ണിലേക്കിറങ്ങാം, അധ്വാനിക്കാം. നമ്മുടെ [illegible]

ചുമ്മാർ കല്പിച്ചു തന്നെ കേരളീയ
സംസ്കാരത്തിന്റെ ചാരുതയെ മുറുകെ
പിടിക്കാം. കേരളാംബയുടെ നിറവും
മണവും കെടാതെ കാത്തുസൂക്ഷിക്കാൻ
ഇനിയും സമയമധികം. പൂർണ്ണമായി
രോഗങ്ങൾ മനുഷ്യകുലത്തെ കവരു
ന്നതിനുമുമ്പ്, പൂർണ്ണമായി രോഗങ്ങൾ
മനുഷ്യമനസ്സിനെ കീഴടക്കുന്നതിനുമുമ്പ്
പോർവീരരായി നമുക്ക് ശമിക്കാം. ഒരു
പക്ഷേ ഇത് പുതിയൊരു തുടക്കമാകട്ടെ.
'വിട' എന്ന കവിതയിൽ വൈലോപ്പിള്ളി
കേരളത്തിന്റെ നഷ്ടമാകുന്ന ചാരുതയെ
യും ധാർമ്മികതെയും വർണ്ണിക്കുന്നു.
വിട പറഞ്ഞുപോകാതെ അവയെ
കരങ്ങളിൽ, ഹൃദയങ്ങളിൽ സൂക്ഷിക്കാം.
കൊറോണ എന്ന മഹാമാരി ലോകത്തെ
ഗ്രസിച്ചപ്പോൾ ചില്ലയിൽനിന്നടർന്ന
മുത്ത് പോലെ അടർന്നുപോയ
അനേകം മനുഷ്യജീവിതങ്ങളെ നാം കണ്ടു

ണാണ്. നമ്മുടെ സുരക്ഷയ്ക്കുവേണ്ടി നാം മുന്നോട്ടുവന്നാലേ നമുക്ക് സുരക്ഷയെ ഉള്ളൂ. വളരെ ദുർബലനാണ് മനുഷ്യൻ എന്ന് ഈ മഹാമാരികൾ തെളിയിക്കുന്നു. "വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാസന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം" എന്ന് എഴുത്തച്ഛൻ പാടിയതുപോലെ നിസ്സാരമായ ഈ മനുഷ്യജീവിതത്തെ ഏറ്റവും ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാൻ ശ്രമിക്കാം. ധാർമികതയിലുറച്ച് നിന്ന് പെരുമാറാം. "അവസാനത്തെ പുഴയും വറ്റിക്കഴിയുമ്പോൾ അവസാനത്തെ മരവും മുറിച്ചുകഴിയുമ്പോൾ അവസാനത്തെ മത്സ്യവും ചത്തുപൊന്തുമ്പോൾ നാം തിരിച്ചറിയും നോട്ടുകെട്ടുകൾ ഭക്ഷിക്കാനാവില്ലെന്ന്. അതെ, രോഗങ്ങൾ നമ്മുടെ ജീവിതത്തെ നിർണ്ണായകമാകുന്നു. എല്ലാ തരത്തിലുമുള്ള രോഗത്തിന്റെ

പകർച്ചവ്യാധി നാം തടയണം. 'രോഗരഹിതം' എന്നതിൽ ഒരു ലക്ഷ്യപ്രയാസം മാത്രമാണിത്. ഇനിയുമുണ്ട് ഒരുപാട്, അവർണ്ണനീയമായ ദുരന്ത താളുകൾ. ആരോഗ്യസമാധാനത്തിനായി ഇനി മുതലൊരാൾക്കും "ഞാൻ തെറ്റുചെയ്തില്ലെന്ന ~~ഞങ്ങ~~ ശപഥം ചെയ്യുന്നതാണ് ഏറ്റവും വലിയ പ്രാർത്ഥന" എന്ന ഗാന്ധിജിയുടെ വാക്കുകൾ സ്മരിച്ചുകൊണ്ട് ഇപ്പോൾ വ്യാപകമാകുന്ന ഒമിക്രോൺ വകഭേദത്തെ, മാസ്ക് വച്ച് തടയാൻ ശ്രമിക്കാം. ഇനി ഒരിക്കൽക്കൂടി എന്തിനൊരു കണ്ണീർക്കായൽ.

"നമുക്ക് നാമേ പണിവതു

നാകവും നരകവുമതുപോലെ" - സ്വർഗം തീർക്കാം ഈ ഭൂവിൽ. നന്മചെയ്യാൻ ശ്രമിക്കാം. ഇന്നാ~~x~~രംഭിക്കാം, ഞാൻ തെറ്റു ചെയ്തില്ല. രോഗങ്ങളെക്കുറിച്ചു

ഒരു വ്യക്തമായ ദൈവബോധം സൃഷ്ടിക്കാൻ സാധിച്ചു എന്ന് വിശ്വസിക്കുന്ന രോഗം ഒരു കൂടാരമാണ്. ഈ കൂടാരത്തിൽ നാം ജയിക്കണം. എല്ലാതരത്തിലുമുള്ള രോഗങ്ങളിൽ നിന്നും കരകേറിയ ഒരു സുവർണ്ണ പുലരിയായി, പ്രശോഭയേറിയ ജീവിതം പോലെ അനന്തവിഹായസ്സിൽ വളർന്നു വിരാജിക്കട്ടെ 'രോഗരഹിത കേരളം' എന്ന് നമുക്ക് പ്രാർത്ഥിക്കാം, ആഗ്രഹിക്കാം, ആശംസിക്കാം.